# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1255 **21.03.2013ൽ** മറുപടിക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ശിവൻകുട്ടി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ഉദ്യാഗക്കയറ്റത്തിനായി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത റൂൾ നടപ്പിലാക്കിയാൽ നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാനായി ജോലി നോക്കുന്നതും യോഗ്യതാ ലിസ്റ്റിൽ ഉള്ളതുമായ എത്ര പേർക്ക് ജൂനിയർ അസിസ്റ്റന്റായി പ്രൊമോഷൻ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;<br>(സി) പ്രസ്തുത റൂൾ നടപ്പിലാക്കി അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ)യും(ബി)യും(സി)യും<br>സപ്ലൈകോ ജീവനക്കാരുടെ ഉദ്യാഗക്കയറ്റത്തിനായി റിക്രൂട്ട്മെന്റ് പ്രമോഷൻ റൂൾസും, മാനേജീരിയൽ സർവ്വീസ് റൂൾസും ഉണ്ട്. 4.9.2010 ലെ 30/10/F&CSD നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇവ ഭേദഗതി ചെയ്തെങ്കിലും 6.7.2011 ൽ ഈ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. പുതുക്കിയ റിക്രൂട്ട്മെന്റ് പ്രമോഷൻ റൂൾസ് നിലവിൽ വന്നാൽ ആകെ 729 ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികയിലേക്കു (364) ASM തസ്തികയിൽ നിന്നും പ്രമോഷൻ ലഭിക്കാവുന്നതാണ്. നിലവിൽ 329 തസ്തികയിലേക്കു ASM തസ്തികയിൽ നിന്നും പ്രമോഷൻ നൽകിയിട്ടുണ്ട്. |
| (ഡി) സിവിൽ സപ്ലൈസ് ജീവനക്കാരുടെ പെൻഷൻ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ ? | (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാർക്ക് ഇ.പി.എഫ്. പെൻഷൻ പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ